നമ്പർ. ഇഎൻ (2) 12547/2020

ലേബർ കമ്മീഷണറുടെ കാര്യാലയം,
തൊഴിൽഭവൻ, വികാസ്ഭവൻ.പി.ഒ.,
തിരുവനന്തപുരം-695033,
തീയതി: 10.03.2021

**സർക്കുലർ നമ്പർ. 09/2021**

വിഷയം:- തൊഴിൽ വകുപ്പ് - മോട്ടോർ വാഹന വകുപ്പിൽ അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ (എ.എം.വി.ഐ) നിയമനം - തൊഴിൽ പരിചയ സർട്ടിഫിക്കറ്റുകൾ നൽകുന്നത് - ജില്ലാ ലേബർ ഓഫീസർമാർക്കുള്ള നിർദ്ദേശം - സംബന്ധിച്ച്.

സൂചന:- 05.01.2021 തീയതിയിലെ 01/2021 നമ്പർ സർക്കുലർ

കേരള മോട്ടോർ വാഹന വകുപ്പിൽ അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ തസ്തികയിലേക്കുള്ള നിയമനത്തിനായി കാറ്റഗറി നമ്പർ 551/14 പ്രകാരം കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ നടത്തിയ പരീക്ഷയിൽ വ്യാജ തൊഴിൽ പരിചയ സർട്ടിഫിക്കറ്റുകൾ ഹാജരാക്കുന്നതായി ആരോപണമുണ്ടായ സാഹചര്യത്തിൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ടി വിഷയത്തിൽ അന്വേഷണം നടത്തി സർക്കാരിനു ശുപാർശ സമർപ്പിച്ചതിൻ പ്രകാരം സൂചന (1) പ്രകാരം സർക്കുലർ പുറപ്പെടുവിച്ചിരുന്നു. ആയതിൽ എക്സ്പീരിയൻസ് സർട്ടിഫിക്കറ്റ് നൽകുന്നത് സംബന്ധിച്ച് അവ്യക്തതയുള്ളത് ശ്രദ്ധയിൽപ്പെട്ട സാഹചര്യത്തിൽ താഴെ പറയുന്ന നിർദേശം പുറപ്പെടുവിച്ച് സർക്കുലർ ഭേദഗതി ചെയ്യുന്നു.

- സംസ്ഥാനത്തിലെ അംഗീകൃത വർക്ക് ഷോപ്പുകളിൽ മസ്റ്റർ റോൾ, വേജസ് രജിസ്റ്റർ, ഇ.പി.എഫ്, ഇ.എസ്.ഐ സംബന്ധിച്ച രേഖകൾ എന്നിവ പരിപാലിക്കപ്പെടുന്നുണ്ടോയെന്ന് ശ്രദ്ധിക്കേണ്ടതും ഫാക്ടറീസ് & ബോയിലേഴ്സ് രജിസ്ട്രേഷൻ ലിസ്റ്റിൽ പ്രസ്തുത വർക്ക്ഷോപ്പുകൾ ഉൾപ്പെട്ടിട്ടുണ്ടോയെന്ന് ഉറപ്പുവരുത്തുന്നതിനും ജില്ലാ ലേബർ ഓഫീസർ (ഇ)മാർ ബന്ധപ്പെട്ട അസിസ്റ്റന്റ് ലേബർ ഓഫീസർമാർ മുഖേന നടപടി സ്വീകരിക്കേണ്ടതാണ്.
- സംസ്ഥാനത്തിലെ അംഗീകൃത വർക്ക് ഷോപ്പുകളിൽ കേരള ഷോപ്പ്സ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ചട്ടങ്ങൾ റൂൾ 10 (1) എ പ്രകാരമുള്ള സർവ്വീസ് റെക്കോർഡ് അല്ലെങ്കിൽ മിനിമം വേതന ചട്ടങ്ങൾ 1958 റൂൾ 29 (1) പ്രകാരമുള്ള രജിസ്റ്റർ ഓഫ് വേജസ്/റൂൾ 29 (2) പ്രകാരമുള്ള വേജസ് സ്ലിപ്പ്/റൂൾ 29 (5) പ്രകാരമുള്ള മസ്റ്റർ റോൾ എന്നിവയോ റൂൾ 21 (എ) പ്രകാരം വേതന സുരക്ഷാ പദ്ധതി മുഖാന്തിരം വേതന വിതരണം നടത്തിയ രേഖകളോ പരിശോധിച്ച് തൊഴിലാളികൾക്ക് എക്സ്പീരിയൻസ് സർട്ടിഫിക്കറ്റ് നൽകുന്നതിന് ജില്ലാ ലേബർ ഓഫീസർ (ഇ)മാർ ബന്ധപ്പെട്ട അസിസ്റ്റന്റ് ലേബർ ഓഫീസർമാർ മുഖേന നടപടി സ്വീകരിക്കേണ്ടതാണ്.

(ഒപ്പ്)

ലേബർ കമ്മീഷണർക്കുവേണ്ടി

1. എല്ലാ റീജിയണൽ ജോയിന്റ് ലേബർ കമ്മീഷണർ മാർക്കും
2. എല്ലാ ജില്ലാ ലേബർ ഓഫീസർമാർക്കും
3. എല്ലാ അസിസ്റ്റന്റ് ലേബർ ഓഫീസർമാർക്കും
   (ജില്ലാ ലേബർ ഓഫീസർ മുഖേന)
4. വെബ്/ന്യൂ മീഡിയ
5. ഫയൽ/സ്റ്റോക്ക് ഫയൽ.

എസ്.ടി